## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-അയ്മനം ഗ്രാമ പഞ്ചായത്ത് കൺവെൻഷൻ സെന്റർ & 3 സ്റ്റാർ ഹോട്ടൽ കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീ.ശൈലേശ്വരൻ, അറയ്ക്കൽ ഹൗസ് എന്നയാളുടെ 23.03.2019 ലെ അപേക്ഷ.

================================================================================

**ഉത്തരവ് നമ്പർ C/570/2019/D.Dis, തീയതി : 02.04.2019.**

================================================================================

കോട്ടയം ജില്ലയിലെ, അയ്മനം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അയ്മനം വില്ലേജിൽ, ബ്ലോക്ക് നമ്പർ 44 ൽ റീ സർവ്വെ നമ്പർ 2/3/5 ൽ പെട്ട 12340 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 5630 ച.മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം, ഹോട്ടൽ, കോട്ടേജ് എന്നീ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണം ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
5. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
6. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
7. ചട്ടം 57(10) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
8. ചട്ടം 57(12 B) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം

9. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

10. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

11. നിർദ്ദിഷ്ട സ്ഥലത്ത് വികസന/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008 ലെ കേരളം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്കും 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

12. പ്രസ്തുത വ്യവസായ സ്ഥാപനം മൂലമോ വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസര വാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.

13. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

14. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട കോടതി വിധി നിലവിലുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണ്.

15. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 20/19/KTM ഉള്ളടക്കം ചെയ്യുന്നു.

പിൻ – 686 001
ഫോൺ: 2564160
കോട്ടയം

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
അയ്മനം ഗ്രാമ പഞ്ചായത്ത്

പകർപ്പ് :1. വി.റ്റി ശൈലേശ്വരൻ
അറയ്ക്കൽ ഹൗസ്
ഈരയിൽക്കടവ്
കോടിമത, കോട്ടയം (പ്ലാൻ 1 സെറ്റ് സഹിതം)

2. അധികം -1

MD/02.04.19